പതിമൂന്നാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ *490 05.07.2012 ൽ മറുപടിയ്ക്ക്

വ്യവസായ സംരംഭങ്ങൾക്ക് വൈദ്യുതി

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റ്റി.യു. കുരുവിള | ശ്രീ. ആര്യാടൻ മുഹമ്മദ്<br>(ഊർജ്ജവും ഗതാഗതവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിന്റെ വർദ്ധിച്ചു വരുന്ന ഊർജ്ജാവശ്യം പരിഗണിച്ച് കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ പുതിയ വൈദ്യുത പദ്ധതികൾ നടപ്പാക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ; | (എ) കേന്ദ്ര സർക്കാർ നിയന്ത്രണത്തിലുള്ള വൈദ്യുതി നിലയങ്ങളുടെ (Ultra Mega Power Project) പ്രാരംഭ നടപടികളിലാണ് കേന്ദ്ര സർക്കാരിന്റെ പ്രത്യക്ഷ ഇടപെടൽ സംസ്ഥാനങ്ങളിൽ ഉണ്ടാകുന്നത്. വൻതോതിലുള്ള ഭൂമിയുടെ ദൗർലഭ്യവും പാരിസ്ഥിതിക വിഷയങ്ങളും പ്രതികൂല ഘടകങ്ങളായതിനാൽ പുതിയതായി മേൽ പറഞ്ഞവ സംസ്ഥാനത്ത് സ്ഥാപിക്കാൻ പരിമിതികളുണ്ട്.<br>എന്നാൽ 360 മെഗാവാട്ട് ശേഷിയുള്ള NTPC യുടെ കായംകുളം പദ്ധതി വികസനം (1950 മെഗാവാട്ട്) പരിഗണനയിലുണ്ട്.<br>കൂടാതെ കേന്ദ്രസർക്കാർ അനുവദിച്ച ബൈതരണി പാടത്തെ കൽക്കരി ഉപയോഗിച്ച് 1000 മെഗാവാട്ട് ശേഷിയുള്ള പദ്ധതി കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി (NTPC/NLC) സംയുക്തമായി നടപ്പിലാക്കുന്നതിന്റെ സാധ്യതകൾ സംബന്ധിച്ച് ചർച്ച നടത്തി വരുന്നുണ്ട്. RGCCPP-യ്ക്ക് പുറമേ കേന്ദ്ര സർക്കാരിന്റെ പരിഗണനയിൽ തദ്ദേശീയ പ്രകൃതിവാതകം അനുവദിച്ചു കിട്ടുമെന്ന് പ്രതീക്ഷിയ്ക്കുന്ന പദ്ധതികൾ ഇനി പറയുന്നവയാണ്.<br>1. പെട്രോനെറ്റ് ( 1200 MW)<br>2. ചീമേനി (1200 MW)<br>3. ബ്രഹ്മപുരം (1026 MW) |

(....2)

പാരമ്പര്യേതര ഊർജ്ജ സ്രോതസ്സുകളിലൊന്നായ ചെറുകിട ജലവൈദ്യുത പദ്ധതികളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര ഗവൺമെന്റിൽ നിന്നും (Ministry of New & Renewable Energy- MNRE) ധനസഹായം ലഭ്യമാകുന്നുണ്ട്. വിശദവിവരം അനുബന്ധമായി കൊടുത്തിരിക്കുന്നു.

| | |
|---|---|
| (ബി) വൈദ്യുതി സുലഭമായി നല്കി വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ? | (ബി) കേന്ദ്ര നിലയങ്ങളിൽ നിന്നുള്ള വിഹിതം, ആഭ്യന്തര ഉല്പാദനം, വിപണിയിൽ നിന്നും വാങ്ങുന്നത്, എന്നീ സ്രോതസുകളിൽ നിന്നും പരമാവധി ലഭ്യത ഉറപ്പാക്കുന്നതിലൂടെ വ്യാവസായിക ആവശ്യങ്ങൾക്കും മറ്റു വിഭാഗം ഉപഭോക്താക്കൾക്കും വൈദ്യുതി ആവശ്യാനുസരണം നൽകുവാനുമാണ് സർക്കാരിന്റെ ഉദ്യമം. |

സെക്ഷൻ ഓഫീസർ

490

## Details of financial support from MNRE for SHPs as on June 2012

| No. | Name of Project | Amount sanctioned (₹ Lakhs) | Date of sanction | Amount Released (₹ Lakhs) | | | | | | |
|---|---|---|---|---|---|---|---|---|---|---|
| | | | | I[st] Instalment (25%) On Agrmnt | Date | II[nd] Install (30%) After 25% progress | Date | III[rd] Install (35%) After 50% progress | Date | IV[th] Install (10%) After Commng & perf reprt |
| 1 | Ranni-Perunad (4 MW) | 370 | 24.12.2009 | 92.50 | 24.12.2009 | 111.00 | 08.09.2010 | [redacted] | [redacted] | |
| 2 | Poozhithode (4.8 MW) | 402 | 24.12.2009 | 100.50 | 24.12.2009 | 120.60 | 28.07.2010 | [redacted] | [redacted] | |
| 3 | Peechi (1.25 MW) | 260 | 16.02.2010 | 65.00 | 07.12.2010 | | | | | |
| 4 | Chathankottunada (6 MW) | 450 | 17.02.2010 | 112.50 | 27.4.2010. | | | | | |
| 5 | Viiangad (7.5 MW) | 510 | 17.02.2010 | 127.50 | 27.4.2010 | [redacted] | 07.05.2012 | | | |
| 6 | Anakkayam (7.5 MW) | 510 | 03.05.2010 | Nil | Copy of agreement to be furnished as the agreement is to be executed | | | | | |
| 7 | Barapole (15 MW) | 810 | 03.05.2010 | 202.5 | 20.12.2010 | | | | | |
| 8 | Kakkayam (3 MW) | 330 | 13.07.2010 | Nil | Copy of agreement of Civil work furnished. | | | | | |
| 9 | Karappuzha Dam Toe(0.5MW) | 125 | 28.07.2010 | Nil | Project being retendered | | | | | |
| 10 | Perunthenaruvi (6MW) | 450 | 09.09.2010 | [redacted] | [redacted] | | | | | |
| 11 | Chimmoni SHEP (2.5 MW) | [redacted] | 30.03.2012 | Nil | | | | | | |
| 12 | Adyanpara SHEP (3.5 MW) | [redacted] | 30.03.2012 | Nil | | | | | | |
| 13 | Vellathooval SHEP (3.6 MW) | [redacted] | 30.03.2012 | Nil | | | | | | |
| | Total | 5231 | | 813.00 | | 384.60 | | 270.20 | | |
| | | | | | | | | Total amount received | 1467.80 | |